**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1673** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കിലയുടെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിനും കിലയുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽ പ്ലാറ്റ്ഫോമായ കെ-സ്മാർട്ട് (K-SMART) കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലനം കില മുഖാന്തിരം നൽകിവരുന്നുണ്ട് . ജനപ്രതിനിധികളുടെ ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്നതിനായി കമ്പ്യൂട്ടർ ഫണ്ടമെന്റൽസിൽ പ്രത്യേക പരിശീലനവും അതോടൊപ്പം ഒരു പ്രായോഗിക കൈപുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിലുള്ള ലൈബ്രേറിയന്മാർക്കായി 'കോഹ' സോഫ്റ്റ്‌വെയറിൽ സാങ്കേതിക പരിശീലനം നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി കമ്പ്യൂട്ടർ ഹാർഡ്‌വെയർ-സോഫ്റ്റ്‌വെയർ പരിപാലനത്തിൽ പ്രായോഗിക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും മാതൃകാപരമായ പദ്ധതികളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി 'തദ്ദേശകം' എന്ന പേരിൽ ഒരു യൂട്യൂബ് വാർത്താ ചാനൽ കില നടത്തിവരുന്നുണ്ട്. കിലയിലെ ലൈബ്രറി പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുകയും വിപുലമായ ഒരു ഡിജിറ്റൽ റെപ്പോസിറ്ററി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനാർത്ഥികൾക്കായി ഡിജിറ്റൽ ലേണിംഗ് പ്ലാറ്റ്ഫോമും വിവിധ ഓൺലൈൻ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കിലയുടെ പരിശീലനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കില വികസിപ്പിച്ച ട്രെയിനിംഗ് പ്രോഗ്രാം മാനേജ്മെന്റ് സിസ്റ്റം (TPMS) പോർട്ടൽ വഴി അറ്റൻഡൻസ്, രജിസ്ട്രേഷൻ, സർട്ടിഫിക്കേഷൻ, അക്കോമഡേഷൻ, ഇൻസ്റ്റിറ്റ്യൂഷണൽ ഡാഷ്ബോർഡ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിലൂടെ ഏകോപിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വികസനത്തിനായുള്ള മുഖ്യ സ്ഥാപനം എന്ന നിലയിൽ കില തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുമായി ഭരണ-ആസൂത്രണ വിഷയങ്ങളിൽ ആധുനികമായ പരിശീലന രീതികൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക വികസന വിഷയങ്ങളിൽ ഗവേഷണം നടത്തുകയും തദ്ദേശസ്ഥാപനങ്ങളിലെ ഉത്തമ മാതൃകകൾ (Best Practices) ഡോക്യുമെന്റ് ചെയ്ത് പഠനവിഷയമാക്കുകയും ചെയ്യുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ. (ISO) സർട്ടിഫിക്കേഷൻ നടപടികൾക്ക് സാങ്കേതിക നേതൃത്വം

നൽകിവരുന്നുണ്ട്. തൃശ്ശൂർ മുളങ്കുന്നത്തുകാവിലെ ആസ്ഥാനത്തിന് പുറമെ, വിവിധ റീജിയണൽ സെന്ററുകൾ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ (ETC) എന്നിവ വഴി കിലയുടെ സേവനങ്ങൾ സംസ്ഥാന വ്യാപകമായി ലഭ്യമാക്കുന്നുണ്ട്. കിലയിലും കിലയുടെ വിവിധ സെന്ററുകളിലും ഡിജിറ്റൽ ഫയൽഫ്ലോ സംവിധാനമാണ് നിലവിൽ ഉപോയോഗിക്കുന്നത്. കൂടാതെ കില ഹെഡ് ഓഫീസിൽ ഇ - ഓഫീസിലേക്ക് മാറുന്നതിനായുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പുതിയ വികസന നയങ്ങളും പരിസ്ഥിതി നയങ്ങളും പ്രാവർത്തികമാക്കാൻ കില മുഖേനയുള്ള പരിശീലന പരിപാടികൾ വികസിപ്പിക്കുമോ;

**മറുപടി:** സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs)അടിസ്ഥാനമാക്കി തദ്ദേശസ്ഥാപനങ്ങൾക്ക് കില പരിശീലനം നൽകിവരുന്നുണ്ട്. സർക്കാരിന്റെ പുതിയ വികസന നയങ്ങളും പരിസ്ഥിതി നയങ്ങളും പ്രാവർത്തികമാക്കുന്നതിനായുള്ള പരിശീലന പരിപാടികൾ കില മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**(സി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി കിലയുടെ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുമോ?

**മറുപടി:** തത്ക്കാലം പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**